**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5584** **24-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ ന്യൂറോ ഡവലപ്മെന്റൽ ഡിസോർഡറുകൾ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടികളിലെ ഓട്ടിസം, പഠന വൈകല്യങ്ങൾ, ബുദ്ധിപരമായ വെല്ലുവിളികൾ എന്നീ ന്യൂറോ ഡവലപ്മെന്റൽ ഡിസോർഡറുകൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; പുതിയ എന്തെല്ലാം പദ്ധതികളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | ഓട്ടിസം ബാധിതരായ കുഞ്ഞുങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ 2 സ്ഥാപനങ്ങളിലൂടെ സേവനം ലഭ്യമാക്കുന്നു. ഡിസ്ട്രിക് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC), കെ.എസ്സ്.എസ്സ്.എം ചേർന്ന് നടപ്പിലാക്കി വരുന്ന മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (അനുയാത്ര പദ്ധതി) എന്നിങ്ങനെയുള്ള ഈ രണ്ട് സ്ഥാപനത്തിലും സൈക്കോളജിസ്റ്റിന്റെയും സ്പീച്ച് ആഡിയോ തെറാപ്പിസ്റ്റുകളുടെയും സൗജന്യ സേവനവും ഓട്ടിസം ബാധിതർക്ക് സൗജന്യമായി തെറാപ്പി സൗകര്യവും ലഭ്യമാണ്. കൂടാതെ ദേശീയ ആരോഗ്യ ദൗത്യം വഴി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കുട്ടികളിലെ വളർച്ചയും വികസനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുമുള്ളതും, ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഐ.ഇ.സി.). ഡി.ഐ.ഇ.സി കളിൽ ഓട്ടിസം ബാധിച്ച 18 വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും വിവിധങ്ങളായ തെറാപ്പി ഉൾപ്പടെ ലഭ്യമാകുന്ന ചികിത്സാ സേവനങ്ങൾ താഴെ കൊടുക്കുന്നു.<br><br>ആർ.ബി.എസ്.കെ. പ്രോഗ്രാമിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം വഴി എല്ലാ ജില്ലകളിലും ഒരു ജില്ലാതല പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) പ്രവർത്തിച്ചുവരുന്നു. |

ഓട്ടിസം, എ.ഡി.എച്.ഡി, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള വിവിധ ചികിത്സാ സേവനങ്ങൾ ഡി.ഈ.ഐ.സി യിൽ നിന്നും ലഭ്യമാകുന്നു.

വളർച്ചയിലേയും വികാസത്തിലേയും വിവിധ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിനും ശരിയായവിധത്തിൽ വിവിധ തെറാപ്പികൾ നൽകി ചികിത്സിക്കുന്നതിനും തുടർചികിത്സ വേണ്ട കുട്ടികളെ

ഘട്ടംഘട്ടമായി ചികിത്സിക്കുന്നതിനും പ്രത്യേക ചികിത്സ വേണ്ടവർക്ക് സ്പെഷ്യാലിറ്റി സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നതിനും ഇത്തരം ഡി.ഇ.ഐ.സി. വഴി സാധ്യമാക്കുന്നു. എല്ലാ ഡി.ഇ.ഐ.സി.കളിലും പീഡിയാട്രീഷ്യൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ, ഡെന്റൽ ഹൈജീനിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നീ സ്പെഷ്യലിസ്റ്റുകളെയും നിയമിച്ചിട്ടുണ്ട്.

സ്കൂൾ-അംഗണവാടി, ഫീൽഡ് തലത്തിൽ സ്ക്രീൻ ചെയ്യപ്പെടുന്നതും വളർച്ചയിലും വികാസത്തിലും വ്യതിയാനം കണ്ടെത്തുന്നതുമായ കുട്ടികളെയും ഡി.ഇ.ഐ.സി.-ലേയ്ക്ക് റഫർ ചെയ്ത് വിവിധങ്ങളായ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ തീർത്തും സൗജന്യമായി നൽകുന്നു. കുട്ടികളുടെ ആശയ വിനിമയത്തിലുള്ള അപാകതകൾ സ്പീച്ച് തെറാപിസ്റ്റും, മാനസികവും സാമൂഹികവുമായ വികാസത്തിലുള്ള വ്യതിയാനങ്ങൾ സൈക്കോളജിസ്റ്റും, പഠന ബൗദ്ധികമായ വികാസത്തിലെ വ്യതിയാനങ്ങൾ സ്പെഷ്യൽ എഡ്യൂക്കേറ്ററും പരിശോധിക്കുന്നു. കൂടാതെ ഫിസിയോതെറാപ്പിസ്റ്റിന്റെ നേതൃത്വത്തിൽ വൈകല്യങ്ങളുടെ തോത് കുറയ്ക്കാൻ ആവശ്യമായ തെറാപ്പികളും, വ്യായാമങ്ങളും വൈകല്യത്തിന്റെ തോതിന് അനുസൃതമായി നൽകുന്നു.

ഇതുകൂടാതെ ഏഴ് മെഡിക്കൽ കോളേജുകളിൽ KSSM പിന്തുണയോടെ പ്രവർത്തിച്ചുവരുന്ന REIC-ഓട്ടിസം കേന്ദ്രങ്ങളുമുണ്ട്.

ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്ക് അവർക്കാവശ്യമായ ചികിത്സയും തെറാപ്പികളും നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ

| | | | |
|---|---|---|---|
| | | | മിഷന് കീഴിൽ State Initiative on Disabilities (SID) പ്രോജക്ടിന്റെ ഭാഗമായി കേരളത്തിലെ 5 മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ ആൻഡ് ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ IMHANS കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഓട്ടിസം സെന്റർ മാത്രമായും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ രംഗത്തെ വിദഗ്ധരെ പരിശീലിപ്പിക്കുന്നതിനും കൂടുതൽ ഗവേഷണം നടത്താനും പദ്ധതികളുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | DEIC കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന തെറാപിസ്റ്റുകൾക്ക് ആവശ്യമായ വാർഷിക പരിശീലനവും തുടർ പരിശീലനവും നൽകിവരുന്നുണ്ട്. DEIC സേവനങ്ങൾ ലഭ്യമാകുന്ന കുഞ്ഞുങ്ങളുടെ വികാസവും വളർച്ചയും പരിശോധിക്കുന്നതിനും, ഹൃദ്യം പദ്ധതി വഴി സർജറി ചെയ്ത കുഞ്ഞുങ്ങളുടെ വളർച്ച സംബന്ധമായ പുരോഗതിയും പഠന വിധേയമാക്കുന്നുണ്ട്. നിലവിൽ DEIC സേവനങ്ങളുടെ ന്യൂനതകൾ പരിശോധിക്കാനും ആയവ പരിഹരിച്ച് എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും ഒരേ വിധത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും CDC യുമായി ചേർന്ന് ഗാപ് അനാലിസിസ് പഠനവും, മൊഡ്യൂൾ തയാറാക്കിയുള്ള പരിശീലനങ്ങളും നടന്നു വരുന്നുണ്ട്. |
| (സി) | കുട്ടികളിലെ ജനിതക രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വികസിപ്പിച്ച സംവിധാനങ്ങൾ വിശദമാക്കുമോ; പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിലെ പുരോഗതി അറിയിക്കുമോ; | (സി) | കുട്ടികളിലെ ജനിതക രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള രക്തപരിശോധനകൾ സർക്കാർ ആശുപത്രികൾ വഴി ശലഭം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. ഹൈപ്പോതൈറോയ്ഡിസം, G 6PD ഡെഫിഷ്യൻസി, Congenital adrenal hyperplasia, ഗാലക്ടോസീമിയ എന്നീ രോഗങ്ങൾക്കുള്ള പരിശോധനകളാണ് നിലവിൽ നടത്തി വരുന്നത്. വയനാട് ജില്ലയിൽ അരിവാൾ രോഗത്തിനുള്ള സ്ക്രീനിംഗും ആരംഭിച്ചിട്ടുണ്ട്. SAT ആശുപത്രിയിൽ genetics ഡിപാർട്ട്മെന്റ് ആരംഭിച്ചുകൊണ്ട് കൂടുതൽ ജനിതക രോഗങ്ങൾക്കുള്ള പരിശോധന നടത്താനും അപൂർവ രോഗങ്ങൾ കണ്ടെത്തി ലഭ്യമായ ചികിത്സ ഉറപ്പ് വരുത്താനും സാധിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള അപൂർവ ജനിതക രോഗങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കി വരികയാണ്.<br><br>കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശിശുരോഗ വിഭാഗത്തിന് കീഴിൽ ജനറ്റിക് ക്ലിനിക് പ്രവർത്തിച്ചു വരുന്നുണ്ട്. മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റിൽ (എം ആർ യു) |

| | | | |
|---|---|---|---|
| | | | ടൈപ്പിംഗ്, ഫിഷ് ടെസ്റ്റ്, എം എൽ പി എ, പ്രൈമറി ഇമ്മ്യൂണോ ഡെഫിഷ്യൻസി എന്നീ രോഗങ്ങളുടെ നിർണ്ണയത്തിനുള്ള വിശദമായ പരിശോധനകളും നടന്നു വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ DBT Nidhan Kendra എന്ന പ്രോജക്ടിന് അംഗീകാരമായിട്ടുള്ളതു കൂടാതെ കേന്ദ്ര ഫണ്ട് വരുന്ന മുറയ്ക്ക് കൂടുതൽ പരിശോധനകളും ഏർപ്പെടുത്തുന്നതാണ്. |
| (ഡി) | പ്രത്യേക സംരക്ഷണം വേണ്ട കുട്ടികൾക്ക് പീഡിയാട്രിക് പാലിയേറ്റീവ് കെയർ പദ്ധതി ആലോചനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ palliative നയത്തിന്റെ ഭാഗമായി പ്രത്യേക സംരക്ഷണം ആവശ്യമായ കുട്ടികൾക്കായി പീഡിയാട്രിക് പാലിയേറ്റീവ് കെയർ പദ്ധതി തയ്യാറാക്കിവരികയാണ്. കിടപ്പു രോഗികളായ കുഞ്ഞുങ്ങൾ, അപൂർവ രോഗ ബാധിതർ, ഭിന്നശേഷിക്കാരായ കുട്ടികൾ എന്നിവർക്കായി പ്രത്യേക ഗൃഹകേന്ദ്രീകൃത പരിചരണം ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ സാധിക്കുന്നു. ഇതിനായി വിഷയ വിദഗ്ധരായ ഡോക്ടർമാർ സന്നദ്ധ സംഘടനകൾ എന്നിവരുമായി ചേർന്ന് ശില്പശാലകൾ സംഘടിപ്പിക്കുകയും, ഗൃഹസന്ദർശനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിനുള്ള മാർഗരേഖകളും പരിശീലന മോഡ്യൂളുകളും തയ്യാറാക്കി വരുന്നതും അടുത്ത സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുന്നതുമാകുന്നു. അതോടൊപ്പം തന്നെ ശിശുരോഗ വിഭാഗത്തിന് കീഴിൽ പീഡിയാട്രിക് പാലിയേറ്റീവ് ക്ലിനിക് ആരംഭിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. ഗവ. മെഡിക്കൽ കോളേജ് എറണാകുളം പീഡിയാട്രിക് പാലിയേറ്റീവ് കെയറിന്റെ മൊഡ്യൂൾ തയ്യാറാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ